**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 565**

04.02.2020 ൽ മറുപടിക്ക്

## ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. സി. കമറുദ്ദീൻ**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ഡോ.എം. കെ. മുനീർ:** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) (ബി) & (സി) | ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20.11.2019 ലെ സ.ഉ.(സാധാ)നം.1152/ 2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക. നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ്-I) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16.01.2020 തിയ്യതിയിലെ സ ഉ (കൈ ) നം: 15/ 2020/ വ്യവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കാനുള്ള ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | പ്രസ്തുത പദ്ധതിയുടെ വിശദാംശം അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ